പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ :1024

10.02.2016-ലെ മറുപടിയ്ക്ക്

## വേമ്പനാട് കായൽ ടൂറിസം

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | | ഉത്തരം<br>ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | വേമ്പനാട് കായൽ ടൂറിസവുമായി ബന്ധപ്പെട്ടുണ്ടാകുന്ന അതീവ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭാ സമിതി നടത്തിയ പഠന റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ട്; | (എ) പരിശോധിച്ച് മറുപടി നൽകുന്നതാണ്. |
| (ബി) | വേമ്പനാട്ടു കായലിന്റെ നൈസർഗിക ശുദ്ധിയും പ്രകൃതി സൗന്ദര്യവും, ജൈവ വൈവിധ്യവും സംരക്ഷിക്കുന്നതിനും, കാലാനുസൃതമായി പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും ഉതകുന്ന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ? | (ബി) കായൽ ടൂറിസംത്തിന്റെ പ്രധാന കേന്ദ്രങ്ങളായ ആലപ്പുഴ, കുമരകം എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണത്തിൽ നിന്നും വേമ്പനാട്ടു കായലിനെ മുക്തമാക്കുന്നതിനായി ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി കുമരകത്ത് കവണാറ്റിൻ കരയിലും ആലപ്പുഴയിലെ എച്ച് ബ്ലോക്ക് കായലിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നു. ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മലിനീകരണം ഒരു പരിധിവരെ തടയുവാൻ ഇത് മൂലം കഴിഞ്ഞിട്ടുണ്ട്.<br><br>കായൽ ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ |

കൂടി സഹായത്തോടെ മൊത്തം 52.25 കോടി രൂപയുടെ ആലപ്പുഴ കായലോര ടൂറിസം വികസന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കായംകുളം മുതൽ അരൂക്കുറ്റി വരെയുള്ള കായൽ ശൃംഖലയിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ വടായിക്കനാൽ, വാണിജ്യകനാൽ ഭാഗം എന്നിവയുടെ പുനർനിർമ്മാണം, ചരിത്ര പൈതൃക തെരുവുകൾ, കനാലുകൾ എന്നിവയുടെ പുനരുദ്ധാരണം, അരൂകുറ്റി, തണ്ണീർമുക്കം, പുന്നമട, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിലെ ബോട്ട് ടെർമിനൽ വട്ടക്കായൽ, കരുമാടി, വിളക്കുമാടം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് സെന്ററുകൾ, വയ്യാങ്കര, പാണ്ടി, തഴപ്പ്, കുതിരവട്ടം ചിറ, എന്നിവിടങ്ങളിലെ ഉപ ടൂറിസ്റ്റ് കേന്ദ്രങ്ങൾ, അർത്തുങ്കൽ, തോട്ടപ്പള്ളി ബീച്ചുകളുടെ വികസനം തുടങ്ങിയ സൗകര്യങ്ങൾ/പ്രവൃത്തികൾ ഒരുക്കിയിട്ടുണ്ട്. കുമരകം ബാക്ക് വാട്ടർ ഡെസ്റ്റിനേഷൻ വികസനത്തിന്റെ ഭാഗമായി താഴെപറയുന്ന പദ്ധതികൾക്ക് അംഗീകാരം നല്കി നടപ്പിലാക്കി വരുന്നു.

(1) കുമരകം കൾച്ചറൽ സെന്ററിന്റെ വികസനം
(2) കുമരകം ഡെസ്റ്റിനേഷൻ വികസനം,
(3) കുമരകത്തിന്റെ മാലിന്യ നിർമ്മാർജ്ജന പദ്ധതി
(4) കുമരകത്തെ അടിസ്ഥാന സൗകര്യ വികസനം

സെക്ഷൻ ഓഫീസർ